# മോദി ഗവൺമെന്റിന്റെ സാമ്പത്തിക നയങ്ങളും സാമൂഹ്യ പ്രത്യാഘാതങ്ങളും

കമ്മ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)
കേരള സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരിക്കുന്നത്

തിരുവനന്തപുരം
12.01.2016

വില: 2.50

# മോദി ഗവൺമെന്റിന്റെ സാമ്പത്തിക നയങ്ങളും സാമൂഹ്യ പ്രത്യാഘാതങ്ങളും

നരേന്ദ്രമോദിയെ അധികാരത്തിൽ എത്തിക്കുന്നതിന് രാജ്യത്തിനകത്തും പുറത്തുമുള്ള മൂലധന ശക്തികൾ വൻമൂലധന നിക്ഷേപം നടത്തിയിരുന്നു. 2008-ൽ ഉണ്ടായ ധനപ്രതിസന്ധിയുടെ ആഘാതത്തിൽ നിന്ന് ഇനിയും പുറത്തുവന്നിട്ടില്ലാത്ത ആഗോള മുതലാളിത്ത കുഴപ്പം പരിഹാരം കാണാതെ ഇപ്പോഴും തുടരുകയാണ്. 2016-ൽ കൂടുതൽ സങ്കീർണതകളിലേക്ക് മുത

ലാളിത്ത പ്രതിസന്ധി പതിക്കുമെന്ന് ഐഎംഎഫ് മുന്നറിയിപ്പ് നൽകിയിരിക്കുകയാണ്. ഈ സാഹചര്യങ്ങളിൽ ഇന്ത്യൻ തൊഴിൽ ശക്തിയെ വലിയ തോതിൽ ചൂഷണം ചെയ്ത് ഇന്ത്യയുടെ പ്രകൃതിവിഭവങ്ങളെയും കമ്പോളത്തേയും പരമാവധി പ്രയോജനപ്പെടുത്താനാണ് മൂലധന ശക്തികൾ ഒരുമ്പെട്ടിട്ടുള്ളത്. മോദി ഗവൺമെന്റിന്റെ നയങ്ങളും നടപടികളും ഈ ദിശയിൽ മൂലധനശക്തികൾക്ക് പാദസേവന ചെയ്യുന്നവയാണ്.

"നല്ല ദിവസങ്ങൾ വരാൻ പോകുന്നു" എന്ന പ്രചരണത്തിലൂടെ ജനങ്ങളെ വ്യാമോഹിപ്പിച്ച് അധികാരത്തിലേറിയ ബിജെപി സർക്കാർ യുപിഎ സർക്കാരിനേക്കാൾ ജനദ്രോഹകരമായ നയങ്ങളാണ് ഇതിനകം നടപ്പാക്കിയത്. തൊഴിലുടമകൾക്ക് വേണ്ടി അതിവേഗതയിലാണ്, ബിജെപി നയിക്കുന്ന എൻഡിഎ ഗവൺമെന്റ് സുപ്രധാന തൊഴിൽ നിയമങ്ങളിലെല്ലാം പൊളിച്ചെഴുത്ത് ആരംഭിച്ചിരിക്കുന്നത്. മൂലധന ശക്തികൾ ചിരകാലമായി തൊഴിൽ നിയമങ്ങളിൽ വരുത്തണമെന്നാഗ്രഹിച്ച പരിഷ്കാരങ്ങളെല്ലാം ഇപ്പോൾ നടപ്പിൽ വരുത്തുകയാണ്. സംസ്ഥാന ഗവൺമെന്റുകളും ഇതേ ദിശയിൽ അതിവേഗത്തിൽ നീങ്ങണമെന്ന് കേന്ദ്ര ഗവൺമെന്റ് നിർബന്ധിക്കുകയും ചെയ്യുന്നു. കൂട്ടായ വിലപേശൽ ഇല്ലാതാക്കുക, തൊഴിലാളികളെ പിരിച്ചുവിടലിനും ലേ ഓഫിനും വിധേയമാക്കുക, വ്യവസായങ്ങൾ തന്നിഷ്ടം പോലെ അടച്ചുപൂട്ടുകയോ പ്രവർത്തനം നിർത്തിവയ്ക്കുകയോ ചെയ്യുക, സ്ഥിരം തൊഴിലുകൾ വൻതോതിൽ കരാർവൽക്കരിക്കുക, അപ്രന്റീസുകളെ ഉൽപ്പാദന പ്രവർത്തന

ത്തിന് ഉപയോഗപ്പെടുത്തുക, ബാലവേല തന്ത്രപരമായി നിയമവിധേയമാക്കുക ഇവയെല്ലാം സാർവത്രികമാക്കുക എന്നതാണ് തൊഴിൽ നിയമഭേദഗതികളിലൂടെ സംഭവിക്കുന്നത്. ശ്രദ്ധേയമായ കാര്യം പുതിയ ഭേദഗതികളുടെ ഫലമായി രാജ്യത്തെ 80 ശതമാനം വ്യവസായ യൂണിറ്റുകളും അതിൽ പണിയെടുക്കുന്ന തൊഴിലാളികളും തൊഴിൽ നിയമങ്ങളുടെ പരിധിക്ക് പുറത്താകും എന്നുള്ളതാണ്. അഭൂതപൂർവമായ അധികാരങ്ങളോടെ തൊഴിലിടങ്ങളിൽ തൊഴിലുടമകൾ ചൂഷണം രൂക്ഷതരമാക്കുകയും തന്നിഷ്ടം പോലെ തൊഴിലാളികളെ ജോലിക്ക് എടുക്കുകയും പറഞ്ഞുവിടുകയും ചെയ്യുന്നു.

വികസിത മുതലാളിത്ത നാടുകളിൽ തുടർച്ചയായി സന്ദർശനം നടത്തിക്കൊണ്ടിരിക്കുന്ന നരേന്ദ്രമോദി അവിടെയുമുള്ള വ്യവസായികളോട് ഇന്ത്യയിൽ നിക്ഷേപിക്കണമെന്ന് അഭ്യർഥിച്ചു കൊണ്ടിരിക്കുകയാണ്. കൊട്ടിഘോഷിക്കപ്പെടുന്ന 'മേക്ക് ഇൻ ഇന്ത്യ' പദ്ധതി വിളംബരം ചെയ്യുന്നത് അതാണ്. ശമനമില്ലാതെ തുടരുന്ന പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കയറ്റുമതിയെ ആശ്രയിച്ചിരുന്ന സമ്പദ് വ്യവസ്ഥകൾ കൂടുതൽ പ്രയാസങ്ങളിൽ അകപ്പെടുകയാണ്. ഇന്ത്യ ഈ വിഭാഗത്തിൽപ്പെടുന്നു. ഇന്ത്യയെ നിക്ഷേപ സൗഹൃദമാക്കി നിക്ഷേപകരെ ക്ഷണിച്ചു വരുത്തുമ്പോൾ ഉൽപ്പന്നങ്ങളുടെ വിപണനത്തിന് ദേശീയ കമ്പോളത്തെ ആശ്രയിക്കേണ്ടിവരും. കാർഷിക വിലത്തകർച്ചയും കാർഷിക മേഖലയിൽ തുടരുന്ന ആത്മഹത്യയും അവശ്യസാധനങ്ങളുടെ വിലവർധനവും സൃഷ്ടിക്കുന്ന ജീവി

തനിലവാരത്തകർച്ച ഇന്ത്യൻ കമ്പോളത്തെ അനുദിനം വാങ്ങൽകഴിവ് കുറയുന്ന ഒന്നാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്.

തൊഴിലുകൾ നഷ്ടപ്പെടുന്നതിനും വരുമാനം ഇടിയുന്നതിനും ഇടയാക്കുന്നതാണ് തൊഴിൽ നിയമഭേദഗതികളുടെ ഉള്ളടക്കം. ഉൽപ്പാദിപ്പിക്കപ്പെടുന്ന സമ്പത്തിന്റെ ഒരു ഭാഗം കൂലിയായി കോടിക്കണക്കിന് തൊഴിലാളികളിൽ എത്തുന്ന വരുമാനമാണ് കമ്പോളത്തെ സജീവമാക്കുന്നത്. മത്സരാധിഷ്ഠിതമായ മുതലാളിത്ത സമ്പദ് വ്യവസ്ഥയ്ക്കകത്ത് കൊള്ളലാഭക്കൊതിയോടെ കൂലി ഇടിച്ചുതാഴ്ത്താനുള്ള മുതലാളിമാരുടെ ആവശ്യത്തെ സമ്പൂർണമായി പിന്തുണയ്ക്കുന്ന ഗവൺമെന്റ് സംഘടിത തൊഴിൽശേഷിയേയും അതിന്റെ വിലപേശൽ കഴിവിനെയും അപ്രസക്തമാക്കാനാണ് ശ്രമിക്കുന്നത്.

ഇന്ത്യയിലെ തൊഴിലാളികളിൽ 93 ശതമാനവും അസംഘടിത പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്നവരാണ്. ഇവരിൽ മഹാഭൂരിപക്ഷത്തിനും യാതൊരു നിയമപരമായ പരിരക്ഷയും ലഭിക്കുന്നില്ല. ഇന്ത്യൻ ഭരണഘടനയുടെ മാർഗനിർദേശക തത്വങ്ങളിൽ ആർട്ടിക്കിൾ 43 അനുശാസിക്കുന്നത് തൊഴിലാളികൾക്ക് ജീവിതക്കൂലി (ലിവിങ് വേജ്) നൽകണമെന്നാണ്. 1957–ൽ 15–ാമത് ഇന്ത്യൻ ലേബർ കോൺഫറൻസ് തൊഴിലാളി കുടുംബങ്ങളുടെ ആവശ്യാധിഷ്ഠിത മിനിമം കൂലി നിശ്ചയിക്കണമെന്ന് നിർദേശിച്ചു. കേരളത്തിൽ കശുവണ്ടി, കയർ, കൈത്തറി, മത്സ്യസംസ്കരണം, ബീഡി, തോട്ടം, ചുമട്, ഷോപ്പ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ്, സെക്യൂരിറ്റി, ആധുനിക വിവര സാങ്കേ

തികവിദ്യ അനുബന്ധിതമേഖലകൾ, സെയിൽസ്, സ്വകാര്യ പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കേന്ദ്ര സാമൂഹ്യക്ഷേമ പദ്ധതികളുടെ ഭാഗമായുള്ള അംഗനവാടി, ആശ, സ്കൂൾ ഉച്ചഭക്ഷണ പാചക തൊഴിലാളി എന്നിവർ പ്രതിദിനം മിനിമം 500 രൂപയും പ്രതിമാസം 15000 രൂപയും മിനിമം കൂലിയായി ലഭിക്കേണ്ടവരാണ്. കേന്ദ്ര സാമൂഹ്യക്ഷേമ രംഗത്ത് പണിയെടുക്കുന്ന ഒരു കോടിയിലധികം വരുന്നവരെ തൊഴിലാളികളായി അംഗീകരിച്ചിട്ടേയില്ല. അവർക്ക് വേതനത്തിന് പകരം തുച്ഛമായ തുക ഹോണറേറിയം എന്ന പേരിൽ നൽകുകയാണ് ചെയ്യുന്നത്.

തൊഴിലുറപ്പ് പദ്ധതി നഗരപ്രദേശങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കുകയും വാർഷിക തൊഴിൽ ദിനങ്ങളുടെ എണ്ണം ഉയർത്തി ജീവിക്കാനാവശ്യമായ കൂലി ഉറപ്പുവരുത്തുകയാണ് വേണ്ടത്. എന്നാൽ തൊഴിലുറപ്പ് പദ്ധതിക്കുള്ള വകയിരുത്തൽ ഫലത്തിൽ കുറച്ചിരിക്കുകയാണ്. സാമൂഹ്യക്ഷേമരംഗങ്ങളിൽ 2015–16 ബജറ്റിൽ 2014–15 ബജറ്റിനേക്കാൾ 1.14 ലക്ഷം കോടി രൂപയുടെ (7%) വെട്ടിക്കുറവ് വരുത്തിയിരുന്നു. തൊഴിലുറപ്പ്, ഭക്ഷ്യസബ്സിഡി തുടങ്ങിയ സാമൂഹ്യക്ഷേമ മേഖലകളിൽ പദ്ധതിച്ചെലവുകൾ വെട്ടിക്കുറയ്ക്കാൻ ധനക്കമ്മി 3.9 ശതമാനമായിരിക്കുന്നു എന്ന വാദം ഉന്നയിച്ച കേന്ദ്ര ഗവൺമെന്റ് സമ്പന്ന വിഭാഗങ്ങളോട് ഉദാര നിലപാടാണ് സ്വീകരിച്ചത്. ഇതിന്റെ ഫലമായി വൻനേട്ടം ഉണ്ടാക്കിയത് നാടനും മറുനാടനുമായ കോർപ്പറേറ്റുകളാണ്. കോർപ്പറേറ്റ് നികുതി 30 ശതമാനത്തിൽ നിന്ന് 25 ശതമാനമായി കുറച്ചു. സ്വത്തുനികുതി പൂർണമായി ഒഴിവാക്കി. വിദേശമൂലധ

നത്തിന് ക്യാപ്പിറ്റൽ ഗെയിൻ ടാക്സിൽ വൻഇളവുകൾ അനുവദിച്ചു. സാധാരണ ജനങ്ങളുടെ മേൽ വൻനികുതി ഭാരം അടിച്ചേൽപ്പിച്ചുകൊണ്ട് 23383 കോടി രൂപയുടെ പരോക്ഷ നികുതിയാണ് ചുമത്തിയത്. എന്നാൽ പ്രത്യക്ഷ നികുതി 8315 കോടി കുറയ്ക്കുകയാണ് ചെയ്തത്. സംസ്ഥാനങ്ങൾക്ക് കൂടുതൽ പദ്ധതിവിഹിതം അനുവദിച്ചു എന്ന തെറ്റായ പ്രചാരവേല കേന്ദ്ര ഗവൺമെന്റ് നടത്തുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതമാണ് യഥാർത്ഥത്തിൽ സംസ്ഥാനങ്ങൾക്ക് കൈമാറിയത്. ഇതാകട്ടെ 2014–15 ബജറ്റിൽ വകയിരുത്തിയിരുന്ന തുകയേക്കാൾ കുറവാണ്.

ആരോഗ്യ–കുടുംബക്ഷേമ പദ്ധതികൾക്ക് 2014–15 സാമ്പത്തിക വർഷത്തിൽ 35163 കോടി രൂപ ഉണ്ടായിരുന്നിടത്ത് 2015–16 ബജറ്റിൽ 29683 കോടിയായി വെട്ടിച്ചുരുക്കി. ഭവനനിർമാണത്തിനും നഗരങ്ങളിലെ ദാരിദ്ര്യ നിർമാർജനത്തിനുമായി 6008 കോടി രൂപ മുൻവർഷത്തിൽ വകയിരുത്തിയിരുന്നത് ഈ ബജറ്റിൽ 5634 കോടി രൂപയായി കുറച്ചു. പട്ടികജാതി ഘടകപദ്ധതി തുക 17 ശതമാനത്തിൽ നിന്ന് 8.34 ശതമാനമായി കുറച്ചപ്പോൾ 12000 കോടി രൂപയുടെ പദ്ധതി വിഹിതവും പട്ടികവർഗ ഉപപദ്ധതി 8.2 ശതമാനത്തിൽ നിന്ന് 5.5 ശതമാനമായി കുറച്ചു. ഇതിലൂടെ 5000 കോടിയുടെ കുറവാണുണ്ടായത്. വനിതാഘടക പദ്ധതി വിഹിതം 20 ശതമാനം കുറച്ചപ്പോൾ 20000 കോടിയുടെ കുറവാണുണ്ടായത്. ഐസിഡിഎസ് പദ്ധതി വിഹിതം 16000 കോടി രൂപയിൽ നിന്ന് 8000 കോടി രൂപയായി വെട്ടിക്കുറച്ചു.

5,89,285.2 കോടിയുടെ നികുതിയിളവുകളാണ് കോർപറേറ്റുകൾക്കും സമ്പന്നർക്കുമായി അതായത്, സമ്പദ് വ്യവസ്ഥയിലെ ധനക്കമ്മി യഥാർഥത്തിൽ സമ്പന്നർക്ക് വൻതോതിൽ സബ്സിഡി അനുവദിക്കുന്നതുകൊണ്ടാണ്. അല്ലാതെ, ഗവൺമെന്റ് പ്രചരിപ്പിക്കുന്നതു പോലെ സാധാരണക്കാർക്ക് വേണ്ടി സബ്സിഡി നൽകുന്നത് കൊണ്ടല്ല. ഇങ്ങനെ ചെയ്യുന്ന ഗവൺമെന്റ് തന്നെയാണ് വരുമാനം വർധിപ്പിക്കുന്നതിനുവേണ്ടി പൊതുമേഖലാ ഓഹരികൾ ഭ്രാന്തമായി വിറ്റഴിച്ച് 70000 കോടി രൂപ ഈ ബജറ്റിലൂടെ സമാഹരിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഈ സാമ്പത്തിക നയസമീപനത്തിന്റെ ഫലം സമൂഹത്തിൽ വരുമാനത്തിന്റെയും സ്വത്തിന്റെയും കാര്യത്തിൽ അവിശ്വസനീയമായ അസമത്വം ഉണ്ടാക്കുന്നതാണ്. സാമാന്യ ജനങ്ങളുടെ ജീവിതഭാരം വർധിപ്പിക്കുന്നതും കോർപറേറ്റുകൾക്ക് കൊള്ളലാഭം ഉറപ്പുവരുത്തുന്നതുമാണ്.

## വിലക്കയറ്റം തടയുന്നില്ല

അവശ്യവസ്തുക്കളുടെ വിലക്കയറ്റം തടയാൻ, പൊതുവിതരണം ശക്തിപ്പെടുത്തുന്ന നയം മോദി സർക്കാരിനില്ല. ധാന്യസംഭരണം തന്നെ ചുരുക്കുകയാണ്. എഫ്സിഐ ഗോഡൗണുകൾ ചിലത് റിലയൻസ് കമ്പനിക്ക് പാട്ടത്തിന് നൽകാൻ തീരുമാനിച്ചിരിക്കുകയാണ് - ഭക്ഷ്യസുരക്ഷാ നിയമം പോലും ഫലപ്രദമായി നടപ്പാക്കാൻ കേന്ദ്ര സർക്കാരിന് പരിപാടിയില്ല. ഏറ്റവും വലിയ വിലവർധനവ് ഉണ്ടാവുന്നത് ഭക്ഷ്യവസ്തുക്കളിലാണ്. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ മിക്ക ഭക്ഷ്യവസ്തു

ഇരട്ടിയിലേറെ വർധിച്ചു.

ച ലോക കമ്പോളത്തിൽ ഗണ്യമായി കുറഞ്ഞിരി ന്ന്. 2014-ൽ മോദി അധികാരത്തിലേറുമ്പോൾ ഒരു ബാ ർ ക്രൂഡ് ഓയിലിന്റെ വില 101 ഡോളറായിരുന്നു. ഇപ്പോൾ അത് 33 ഡോളറായി കുറഞ്ഞു. എന്നാൽ ഇന്ത്യയിലെ പെട്രോൾ -ഡീസൽ വിൽപ്പന വില ഒട്ടും കുറയുന്നില്ല. രാജ്യത്ത് പെട്രോൾ ലിറ്ററിന്റെ ശരാശരി വില ഇപ്പോഴും 63.70 രൂപയാണ്. ക്രൂഡ് ഓയിലിന്റെ അന്താരാഷ്ട്ര വില കണക്കാക്കിയാൽ, പെട്രോൾ ഒരു ലിറ്റർ 21 രൂപയ്ക്ക് വിൽക്കാൻ കഴിയും. ആ സ്ഥാനത്താണ് 63.70 രൂപ. ക്രൂഡ് ഓയിലിന്റെ വിലക്കുറവിന്റെ ആനുകൂല്യം ജന ങ്ങൾക്ക് നൽകുന്നതിന് പകരം, എക്സൈസ് തീരുവ ഉയർത്തി, ജനങ്ങളെ ദ്രോഹിക്കുകയാണ് കേന്ദ്ര സർക്കാർ ചെയ്തത്. പെട്രോൾ ലിറ്ററിന് 9.48 രൂപയായിരുന്ന എക്സൈസ് തീരുവ 19.06 രൂപയായും, ഡീസൽ ലിറ്ററിന് 3.65 രൂപയിൽ നിന്ന് 10.60 രൂപ യായും വർധിപ്പിച്ച് മോദി സർക്കാർ ജനങ്ങളെ കൊള്ളയടിക്കു ന്നു. ഇതിന് പുറമേയാണ് പാചക വാതക വിലവർധനവ്. ഗാർഹിക സിലിണ്ടർ വിലയിൽ 49 രൂപയും വാണിജ്യാവശ്യ ത്തിനുള്ളതിന് 79 രൂപയുമാണ് ഈ അടുത്ത ദിവസം വർധിപ്പി ച്ചത്.

വിലക്കയറ്റം കൊണ്ട് പൊറുതിമുട്ടുന്ന ജനങ്ങളിൽ നിന്നും അവർക്ക് അർഹതപ്പെട്ട പൊതുവിതരണ സമ്പ്രദായം കവർന്നെ ടുക്കുകയും, വിലകൾ വീണ്ടും ഉയരാൻ ഇടയാകും വിധം പെട്രോൾഡീസൽ-പാചക വാതക വില വർധിപ്പിക്കുകയും

ചെയ്തത്, കോർപറേറ്റുകളെ സഹായിക്കാനാണ്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിർണയിക്കാനുള്ള അവകാശം കോർപറേറ്റുകൾക്ക് വിട്ടുകൊടുത്ത യുപിഎ സർക്കാർ നയം, കുറേക്കൂടി വേഗതയിൽ നടപ്പാക്കുകയാണ് മോദിസർക്കാർ.

## തൊഴിലില്ലായ്മ വർധിക്കുന്നു

രാജ്യത്ത് തൊഴിലില്ലായ്മ വർധിക്കുകയാണ്. തൊഴിൽ വളർച്ചാനിരക്ക് ഒരു ശതമാനത്തിൽ താഴെ മാത്രമാണ്. 30 കോടി വരുന്ന 15–29 വയസിന് ഇടയിലുള്ളവരിലെ തൊഴിലില്ലായ്മാ നിരക്ക് 13.3 ശതമാനമാണ്. വ്യവസായ വളർച്ചയിലെ മന്ദഗതി, സാങ്കേതിക വിദ്യാഭ്യാസം നേടിയവർക്കും, എഞ്ചിനീയർമാർക്കും ഇടയിൽ തൊഴിൽരാഹിത്യം വർധിപ്പിക്കുകയാണ്. സ്ത്രീതൊഴിലാളികളുടെ എണ്ണത്തിൽ വലിയ കുറവാണ് ഉണ്ടായിരിക്കുന്നത്. ലഭ്യമാവുന്ന തൊഴിലുകളാവട്ടെ, കുറഞ്ഞ കൂലി മാത്രം ലഭിക്കുന്നവയും. മോദി സർക്കാരിന്റെ 'നല്ല ദിവസങ്ങളിലെ' അനുഭവങ്ങളാണിത്.

## കാർഷിക രംഗം

കാർഷികരംഗത്ത് വളർച്ച മന്ദഗതിയിലാണ്. ആളോഹരി ഭക്ഷ്യധാന്യലഭ്യത ഉയരുന്നില്ല. മഹാരാഷ്ട്ര, തെലങ്കാന, ആന്ധ്രാപ്രദേശ്, ഉത്തർപ്രദേശ്, മധ്യപ്രദേശ്, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ കർഷക ആത്മഹത്യകൾ തുടരുകയാണ്. നാഷണൽ ക്രൈം റിക്കാർഡ് ബ്യൂറോയുടെ കണക്ക് പ്രകാരം 2013–ൽ 11,772 കർഷകർ ആത്മഹത്യ ചെയ്തു. കൃഷി ആദായക

രമല്ലാത്തതും, അതിലുള്ള നഷ്ടം വർധിച്ചുവരുന്നതുമാണ്, കർഷ കരെ ആത്മഹത്യയിലേക്ക് നയിക്കുന്നത്. ഉൽപ്പാദന ചെലവിന് അനുസരിച്ച്, ഉൽപ്പന്നങ്ങൾക്ക് വില ലഭിക്കുന്നില്ല.

ആഗോളവൽക്കരണ നയങ്ങളുടെ ഫലമായി, അന്താരാഷ്ട്ര കമ്പോളത്തിൽ കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ്, ഇന്ത്യ യേയും ബാധിക്കും. കർഷകർക്ക് ന്യായവില ലഭ്യമാക്കാനോ, ന്യായവില നൽകി ഉൽപ്പന്നങ്ങൾ സംഭരിക്കാനോ കേന്ദ്ര സർക്കാർ സന്നദ്ധമാവുന്നില്ല. മോദിയുടെ വാഗ്ദാനങ്ങളിൽ വ്യാമോഹിതരായ കർഷക ജനത വഞ്ചിക്കപ്പെട്ടിരിക്കുന്നു.

## അസമത്വം വർദ്ധിക്കുന്നു

നവ ഉദാരവൽക്കരണ നയങ്ങൾ, രാജ്യത്ത് സാമൂഹ്യ സാമ്പ ത്തിക അസമത്വങ്ങൾ വർധിക്കാൻ ഇടയാക്കിയിരിക്കുന്നു. 2014 -ലെ 'ഫോർബ്സ്' മാസികയുടെ പട്ടിക പ്രകാരം, ഇന്ത്യയിൽ ശതകോടീശ്വരന്മാർ (100 കോടി ഡോളർ - 6200 കോടി രൂപ ആസ്തിയുള്ളവർ) 2011-ൽ 55 പേരായിരുന്നത് മോദി ഭരണ ത്തിൽ 100 ആയി ഉയർന്നു. ഈ 100 ശതകോടീശ്വരന്മാരുടെ മൊത്തം സമ്പത്ത് 340000 കോടി ഡോളറാണ്.

ഒരുഭാഗത്ത് സമ്പത്ത് കുന്നുകൂടുമ്പോൾ, ഇന്ത്യയിലെ 80 ശതമാനം വരുന്ന ഗ്രാമീണ ദരിദ്രകുടുംബങ്ങളുടെ പ്രതിശീർഷ പ്രതിദിന ഉപഭോഗച്ചെലവ് അമ്പത് രൂപ മാത്രമാണ്. 1991-ൽ പ്രതിവർഷ ആളോഹരി ഭക്ഷ്യധാന്യലഭ്യത, 186 കിലോ ആയി രുന്നത്, ഇപ്പോൾ ശരാശരി 164 കിലോ ആയി കുറഞ്ഞിരിക്കു

ന്നു. വൻകിട മുതലാളിമാരുടെ കുന്നുകൂടുന്ന സമ്പത്തും ലാഭവും തൊഴിലാളികളെ തീവ്രമായി ചൂഷണം ചെയ്യുന്നതിന്റെ ഫലമായിട്ടാണ്. വ്യവസായശാലകളിൽ അറ്റ മൂല്യവർധനയിൽ തൊഴിലാളികളുടെ കൂലിയുടെ പങ്ക് 1990–91ൽ 25.6 ശതമാനമായിരുന്നത് 11.9 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. ഈ സമ്പന്ന കോർപറേറ്റുകൾക്കും വീണ്ടും വീണ്ടും നികുതി ഇളവുകൾ നൽകുകയാണ് മോദി സർക്കാർ.

## ഫെഡറൽ തത്വം ലംഘിക്കുന്നു

പ്ലാനിങ് കമ്മീഷൻ പിരിച്ചുവിട്ട കേന്ദ്ര സർക്കാർ നടപടി, ഫെഡറൽ തത്വങ്ങളെ ബലികഴിക്കുന്നതാണ്. പ്ലാനിങ് കമ്മീഷന് പകരം "നിതി ആയോഗ്" എന്ന ഒരു സംവിധാനമാണ് മോദിസർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്. സംസ്ഥാനങ്ങൾക്ക് കൂടുതൽ ധനം അനുവദിച്ചു എന്ന് കള്ളപ്രചരണം നടത്തുന്ന സർക്കാർ യഥാർഥത്തിൽ ചെയ്തത്, അടുത്തകാലംവരെ കേന്ദ്രത്തിന്റെ ചുമതലയിൽ ഉണ്ടായിരുന്ന ഏതാനും പദ്ധതികൾ സംസ്ഥാനങ്ങളുടെ ചുമതലയിലേക്ക് മാറ്റിയതാണ്.

## പ്രവാസി വകുപ്പ് നിർത്തലാക്കി

കേന്ദ്രസർക്കാർ പ്രവാസി വകുപ്പ് നിർത്തലാക്കിയത് കേരളത്തിന് വലിയ തിരിച്ചടിയാണ്. പ്രവാസികളുടെ ക്ഷേമത്തിനും സംരക്ഷണത്തിനും കേന്ദ്രസർക്കാരിന് യാതൊരു താത്പര്യവുമില്ലെന്ന് വ്യക്തമാക്കുന്നതാണ് ഈ നടപടി.

സംസ്ഥാനത്തിന് പുറത്തും രാജ്യത്തിന് വെളിയിലും പോയി കഠിനാദ്ധ്വാനം ചെയ്യുന്ന പ്രവാസികളോട് മോഡി സർക്കാരിന്റെ നിലപാട് പ്രതിഷേധാർഹമാണ്.

## ദരിദ്രരെ വഞ്ചിക്കുന്നു

കർഷകരും കർഷകതൊഴിലാളികളും അടങ്ങുന്ന ദരിദ്ര ജന വിഭാഗത്തെ വികസന വിരോധികളും, സർക്കാരിന്റെ സമ്പത്ത് സബ്സിഡിയിനത്തിൽ നിന്ന് മുടിക്കുന്നവരുമായി പ്രചരിപ്പിക്കലാണ്, പുത്തൻ സാമ്പത്തിക നയത്തിന്റെ വക്താക്കൾ ചെയ്യുന്നത്. എന്നാൽ ജനാധിപത്യ വ്യവസ്ഥയിൽ ഇക്കൂട്ടർ ഭരണക്കാർക്കെതിരെ സംഘടിക്കാതിരിക്കാനുള്ള കരുതൽ നടപടി സ്വീകരിക്കുകയും വേണം. അതിനായി ചെയ്യുന്നത് ഓരോ വർഷത്തെ ബജറ്റിലും തൊഴിലുറപ്പ് പോലുള്ള ദാരിദ്ര്യ നിർമാർജന പദ്ധതികൾക്ക് വൻതുക ബജറ്റിൽ വക കൊള്ളിക്കുകയും, അത് ചെലവഴിക്കാതിരിക്കലുമാണ്. തൊഴിലുറപ്പിന്റെ കാര്യത്തിൽ ഇത് വളരെ വ്യക്തമാണ്. 2014-ലെ ബജറ്റിൽ 34000 കോടി വകയിരുത്തുകയും, 4000 കോടി രൂപ ചെലവഴിക്കാതെ വിടുകയും ചെയ്തു. 2015-ലെ ബജറ്റിൽ മോദിസർക്കാർ അനുവദിച്ചത് 34600 കോടി രൂപയാണ്. എന്നാൽ നവംബർ മാസം വരെ പകുതി പോലും ചെലവാക്കിയിട്ടില്ല. 2011-ൽ തൊഴിലുറപ്പ് പദ്ധതിക്ക് ബജറ്റിൽ കൊള്ളിച്ച തുക 40,000 കോടി രൂപയായിരുന്നു. 2015-ൽ 6000 കോടി രൂപ കുറവ് 2011-ൽ നൽകിയ തൊഴിൽ നൽകാൻ 2015-ൽ വേണ്ട തുക 55000 കോടി രൂപയാണ് എന്നും ഓർക്കണം. ദരിദ്രജനവിഭാഗങ്ങൾക്കുള്ള സർക്കാരിന്റെ

വിഹിതം വെട്ടിക്കുറയ്ക്കുന്നതിൽ യുപിഎ സർക്കാരും മോദി സർക്കാരും പരസ്പരം മത്സരിക്കുകയാണ്.

## വ്യാമോഹം അവസാനിക്കുന്നു

'വികസനം, സൽഭരണം', 'നല്ല ദിനങ്ങൾ' തുടങ്ങി മുദ്രാവാക്യങ്ങൾ ഉയർത്തി അധികാരമേറിയ മോദി സർക്കാരിൽ പ്രതീക്ഷ അർപ്പിച്ച ജനങ്ങൾ, വ്യാമോഹത്തിൽ നിന്ന് പുറത്ത് കടന്നുവരാൻ തുടങ്ങിയിരിക്കുന്നു. 2015 സെപ്റ്റംബർ 2 ന്റെ ദേശീയ പണിമുടക്കിൽ ഉണ്ടായ തൊഴിലാളി പങ്കാളിത്തവും, ഭൂമി ഏറ്റെടുക്കൽ ഓർഡിനൻസിനെതിരെ കർഷക ജനത ഉയർത്തിയ പ്രക്ഷോഭങ്ങളും ഇതിന് ഉദാഹരണങ്ങളാണ്. ദൽഹി തെരഞ്ഞെടുപ്പിലെ പരാജയത്തിന് ശേഷം, ബീഹാറിലും ബിജെപി പരാജയത്തിന്റെ രുചിയറിഞ്ഞു. യുപിയിലെ തദ്ദേശ സ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പിലും ബിജെപിക്ക് തിരിച്ചടിയേറ്റു. കോർപറേറ്റ് അനുകൂല ജനദ്രോഹനയങ്ങൾക്ക് എതിരെ ജനരോഷം വർധിച്ചുവരികയാണ്.

ഈ സാഹചര്യത്തെ മറികടക്കാൻ, ജനങ്ങളെ മതത്തിന്റെയും ജാതിയുടെയും പേരിൽ തമ്മിലടിപ്പിക്കാനാണ് സംഘപരിവാർ ശ്രമിക്കുന്നത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വർഗീയ സംഘർഷങ്ങൾ കുത്തിപ്പൊക്കുന്നത് ഈ ലക്ഷ്യം വെച്ചാണ്. സംഘപരിവാറിന്റെ ഹീനമായ നയങ്ങളെ തോൽപ്പിക്കാനും, ജനങ്ങളുടെ ഐക്യം ശക്തിപ്പെടുത്താനും കഴിഞ്ഞാൽ മാത്രമേ, നവ ഉദാരവൽക്കരണ നയങ്ങളെ ചെറുക്കാൻ സാധി

ക്കു. ഈ തിരിച്ചറിവിലൂടെ, മതനിരപേക്ഷത ശക്തിപ്പെടുത്താനും, ഐക്യത്തോടെ കോർപറേറ്റ് അനുകൂല കേന്ദ്ര സർക്കാർ നയങ്ങൾക്കെതിരെ പോരാട്ടം ശക്തിപ്പെടുത്താനും ജനങ്ങൾ രംഗത്തിറങ്ങണം.

* * *

Printed and Published by Kodiyeri Balakrishnan, Secretary,
CPI (M) Kerala State Committee,
Printed at Chintha Printing & Publishing Co. Pvt. Ltd, Kochi - 17.

# മോദി ഗവൺമെന്റിന്റെ സാമ്പത്തിക നയങ്ങളും സാമൂഹ്യ പ്രത്യാഘാതങ്ങളും

കമ്മ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)
കേരള സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരിക്കുന്നത്

തിരുവനന്തപുരം
12.01.2016

വില: 2.50

Indic Digital Archive Foundation
gpura.org